## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*115** **12.06.2014 - ൽ മറുപടിക്ക്**

**എം.സി.റോഡിന്റെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, സി.എഫ് . തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി .യു .കുരുവിള | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) എം.സി റോഡിൽ ചെങ്ങന്നൂർ വരെയുള്ള റോഡ് അന്തർദേശീയ നിലവാരത്തിൽ കെ.എസ്.റ്റി.പി നിർമ്മിച്ചതിന്റെ ചില ഭാഗങ്ങൾ തകർന്ന് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) എം.സി റോഡിലെ തൈക്കോട് (വെഞ്ഞാറമൂട്) മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡ് നിർമ്മാണമാണ് കെ.എസ്.റ്റി.പി I-ൽ പൂർത്തീകരിച്ചിട്ടുള്ളത്. 2004 മുതൽ 2010 വരെയുള്ള കാലയളവിൽ പല ഘട്ടങ്ങളിലായാണ് ഈ നിർമ്മാണം പൂർത്തിയാക്കിയത്. ഈ റോഡിന്റെ പല ഭാഗങ്ങളിലും കാലപ്പഴക്കം മൂലം ചെറിയ വിള്ളലുകളും കുഴികളും രൂപപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ റോഡിന്റെ മെയിന്റനൻസ് നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) വർദ്ധിച്ചു വരുന്ന വാഹന ഗതാഗതവും, കാലപ്പഴക്കവും, കാലവർഷവും മൂലം റോഡിൽ രൂപപ്പെടുന്ന കുഴികൾ അപ്പപ്പോൾ തന്നെ അറ്റകുറ്റപണി നടത്തി റോഡ് പരിപാലിച്ചു വരുന്നുണ്ട്. ഇപ്പോൾ എം.സി. റോഡിലുണ്ടാകുന്ന കുഴികൾ ഷെൽമാക്ക് ഉപയോഗിച്ച് അടയ്ക്കുന്നുണ്ട്. മൺസൂൺ ശക്തി പ്രാപിക്കുന്നതിന് മുൻപ് ചെറിയ കുഴികൾ ഷെൽമാക്ക് |

ഉപയോഗിച്ച് അടയ്ക്കുവാൻ നടപടികൾ ആയിട്ടുണ്ട്. സുഗമമായ ഗതാഗതത്തിന് തടസ്സമായ വിള്ളലുകൾ ഉള്ള സ്ഥലങ്ങളിൽ ബി.സി പാച്ച് വർക്ക് നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി റോഡ് മുഴുവനായും ഓവർലേ വർക്കുകളും ചെയ്യുവാനുള്ള പ്രൊപ്പോസലുകളും നിലവിലുണ്ട്.

(സി) ഇത്തരം റോഡുകളിൽ ഉ ണ്ട ാകുന്ന അഗാധ ഗർത്തങ്ങൾ ഇരുചക്ര വാഹന യാത്രക്കാർക്ക് ഭീഷണി ഉയർത്തുന്നത് ഉടൻ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഉ ണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

(സി) എം.സി റോഡിന്റെ കാര്യേജ് വേയിൽ ഇപ്പോൾ അഗാധ ഗർത്തങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ ഉടൻ തന്നെ ഷെൽമാക്ക് ഉപയോഗിച്ച് നികത്തുവാനുള്ള നിർദ്ദേശം, 2013 ലെ മഴക്കെടുതി ഫണ്ടിൽ അനുവദിച്ച തുക ഉപയോഗിച്ച് ആയൂർ ജംഗ്ഷനിൽ ഓടനിർമ്മാണം, അറ്റകുറ്റപ്പണി, ജംഗ്ഷനിൽ ഇന്റർലോക്ക് ഇട്ട് ബലപ്പെടുത്തൽ എന്നിവയുടെ കരാർ നൽകിക്കഴിഞ്ഞു. ഉപരിതലം മോശമായ ഭാഗങ്ങളിൽ ബിഎം, ബിസി എന്നിവ ഉപയോഗിച്ച് ഉപരിതലം ബലപ്പെടുത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ